# വാർഷിക റിപ്പോർട്ട് 2023–2024

**ത്രിയേക ദൈവത്തിന് സ്തുതി**

„നമ്മുടെ കർത്താവ്, രക്ഷ പ്രാപിക്കുന്നവരെ പ്രതിദിനം സഭയിൽ ചേർത്തുകൊണ്ടിരുന്നു." (അപ്പൊ. 2:14)

ആകാശത്തെയും ഭൂമിയേയും സൃഷ്ടിച്ച പരിപാലിക്കുന്ന പിതാവായ ദൈവത്തിനും നമ്മെ വീണ്ടെടുത്ത് പിതാവായ ദൈവത്തിലേക്ക് തിരികെ കൊണ്ടുവരാൻ സ്വയം ത്യാഗം ചെയ്ത പുത്രനായ ദൈവത്തിനും നമ്മെ അനുദിനം നയിച്ച് പരിപാലിക്കുന്ന പരിശുദ്ധാത്മാവിനും നന്ദി കരേറ്റുന്നു.

ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് തിരുമേനി, ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠരെ, പ്രിയ കൌൺസിൽ അംഗങ്ങളെ, നമ്മെ അനുദിനം  വഴി നടത്തുന്ന സർവ്വശക്തനായ ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട് മലങ്കര സുറിയാനി ഓർത്തഡോക്സ് യൂറോപ്പ് ഭദ്രാസനത്തിന്റെ 2023–2024 നടപ്പ് വർഷത്തിലെ പ്രവർത്തന റിപ്പോർട്ട് കൗൺസിൽ അംഗങ്ങളുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങൾ വളരെ ഭംഗിയായ രീതിയിൽ ഏകോപിപ്പിച്ച് മുന്നോട്ട് പോകുന്നതിൽ ദൈവത്തെ നമുക്ക് മഹത്വപ്പെടുത്താം. യൂറോപ്പിലെ വിവിധ മേഖലകളിൽ ചിതറിക്കിടക്കുന്ന ഇരുപത്തിമൂന്നോളം വരുന്ന ഇടവകകളും കോൺഗ്രിഗേഷനുകളുമാണ് ഈ ഭദ്രാസനത്തിന് കീഴിലുള്ളത്. അതോടൊപ്പം പഠനത്തിനും ജോലിക്കുമായി അനേകം വിശ്വാസികൾ യൂറോപ്പിന്റെ വിവിധ ഇടങ്ങളിലേക്ക് കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി വന്നു കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ പുതിയ ഇടവകകളും കോൺഗ്രിഗേഷനുകളും സ്ഥാപിതമായി വരുന്നു. അതൊടൊപ്പം എല്ലാ അത്മീയ പ്രസ്ഥാനങ്ങളും ബഹുമാനപ്പെട്ട വൈദികരുടെയും കൌൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. പരിശുദ്ധ സഭയുടെ വിവിധ കാര്യങ്ങൾക്ക് വേണ്ടി സദാസമയവും പ്രവർത്തനനിരതനായ അഭി. തിരുമേനി തിരക്കുകൾക്കിടയിലും ഭദ്രാസനത്തിലെ എല്ലാ ഇടവകകളും സന്ദർശിക്കുന്നതിനും പുതിയ ഇടവകകൾ സ്ഥാപിക്കുന്നതിലും അതോടൊപ്പം ഓരോ രാജ്യങ്ങളിലെയും മറ്റു സഭകളിലെ മെത്രാപ്പൊലിത്തമാരെയും അതോടൊപ്പം രാഷ്ട്രീയ അധികാരികളെയും സന്ദർശിക്കുവാനും അത് വഴി ഓരോ സ്ഥലങ്ങളിലും ഇടവകൾക്ക് ആവശ്യമായ ആത്മീയവും ഭൌതീകവുമായ  കാര്യങ്ങൾ ക്രമീകരിച്ചു ലഭിക്കുന്നതിനും ഇടയാകുന്നു. എല്ലാ കാര്യങ്ങൾക്കും ആത്മീയ നേതൃത്വം നല്കുന്ന അഭി. ഇടവക മെത്രാപ്പോലീത്തയോടുള്ള നന്ദി തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

## 1. പുതിയ ഇടവകകൾ

2023–ൽ, ഇടവക മെത്രാപ്പോലീത്തായുടെയും വൈദീകരുടെയും നേതൃത്വത്തിൽ, ഭദ്രാസനത്തിൻറെ കീഴിൽ പല രാജ്യങ്ങളിലായി പുതിയ ഇടവകകൾ സ്ഥാപിക്കുകയുണ്ടായി. ജെർമനിയിലെ റെഗൻസ്ബർഗിൽ പോൾ പി ജോർജ് അച്ചൻറെ നേതൃത്വത്തിലും  പോളണ്ടിലെ വാർസോ, ക്രാക്കോവ് തുടങ്ങിയ നഗരങ്ങളിൽ  ഫാ. ജോഷി വെട്ടിക്കാട്ടിൽ നേതൃത്വത്തിലും  ജർമ്മനിയിലെ എർഫർട്ടിൽ റെഞ്ചു കുര്യൻ അച്ചൻ നേതൃത്വത്തിലും ഇറ്റലിയിലെ നാപ്പോളിൽ ടിജോ മാർക്കോസ് അച്ചന്റെ നേതൃത്വത്തിലും ഓരോ പുതിയ ഇടവകകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## 2. നിലവിലെ ഇടവകളും വികാരിമാരും

| | Name of Church | Country | Priest in Charge |
|---|---|---|---|
| 1 | St. Mary's Malankara Syrian Orthodox Church Vienna<br>Lainzerstrasse 154a, 1130, Vienna, Austria | AUSTRIA | Fr. Joshy Vettikkattil |
| 2 | St. Mary's Malankara Syrian Orthodox Church Switzerland<br>Schlossrainstrasse 7,5013 Niedergösgen, Switzerland | SWITZERLAND | Fr. Paul P George |
| 3 | St. Mary's Malankara Syrian Orthodox Church Malta<br>72, Triq sanguzepp Pieta, Malta | MALTA | Fr. Paul P George |
| 4 | St. Mary's Malankara Syrian Orthodox Congregation Munich<br>Platz der Menschenrechte 2, 81829 München, Germany | GERMANY | Fr. Thomas Jacob Manimala |
| 5 | St. Mary's Malankara Syrian Orthodox Church Herne<br>Deutsche Str. 1, n, 44649 Herne, Germany | GERMANY | Fr. Dr. Thomas Jacob |
| 6 | St. George Malankara Syrian Orthodox Congregation Frankfurt<br>Homburger Straße 190, 61118 – Bad Vilbel, Germany | GERMANY | Fr. Paul P George |
| 7 | St. Elias Malankara Syrian Orthodox Congregation Berlin<br>Syrisch Orthodoxe Kirche Mor Afem, Mindener Straße 1, 10589 Berlin | GERMANY | Fr. Dr. Thomas Jacob<br>Fr. Renju Kurian |
| 8 | Malankara Syrian Orthodox Congregation Regensburg | GERMANY | Fr. Paul P George |

| | | | |
|---|---|---|---|
| | Bischof-Wittmann-Straße 24A, 93051, Regensburg, Germany | | |
| 9 | Malankara Syrian Orthodox Congregation Erfurt<br>Catholic Priest Seminary, Holzheienstraße 15, 99084 Erfurt, Germany | GERMANY | Fr. Renju Kurian |
| 10 | St. Peter's Malankara Syrian Orthodox Congregation Hannover<br>Heilig Geist Kirche, Niggemannweg 18, 30659 Hannover, Germany | GERMANY | Fr. Paul P George |
| 11 | Malankara Syrian Orthodox Congregation Jena<br>St. Johannes Baptist Kirche, Wagnergasse 34, 07743 Jena, Germany | GERMANY | Fr. Renju Kurian |
| 12 | St. Mary's Malankara Syrian Orthodox Congregation Denmark<br>St. Theresa's Church, Bernstorffsvej 56, 2900 – Hellerup | DENMARK | Fr. Eldhose Vattaparambil |
| 13 | St. Mary's Malankara Syrian Orthodox Congregation Amsterdam<br>Westelijk Halfrond 1, 1183 HN Amstelveen | NEDERLAND | Fr. Joshy Vettikkattil<br>Fr. Elias Varghese |
| 14 | St. Mary's Malankara Syrian Orthodox Church Norway<br>Eikeli Katolske Kirke, Veståsen 18, 1362 Oslo, Norway | NORWAY | Fr. Eldhose Vattaparambil |
| 15 | St. Mary's Malankara Syrian Orthodox Congregation Gothenburg<br>Kungsladugårds kyrka, Majgatan 2, 414 75 Göteborg, Sweden | SWEDEN | Fr. Eldhose Vattaparambil |
| 16 | St. Elias Malankara Syrian Orthodox Congregation Stockholm<br>Teologiska Högskolan Stockholm, Åkeshovsvägen 29, 168 39 Bromma, Sweden | SWEDEN | Fr. Eldhose Vattaparambil |
| 17 | St. Peter's & St. Paul's Malankara Syrian Orthodox Church Rome<br>Figlie della chiesa, Viale Vaticano 62, Rome | ITALY | Fr. Tijo Markose |
| 18 | Malankara Syriac Orthodox Congregation Napoli<br>Santa Chiara Church, Via Raffaele Libroia, 86, Nocera Inferiore, Salerno, Napoli | ITALY | Fr. Tijo Markose |
| 19 | Malankara Syriac Orthodox Congregation Sicily | ITALY | Fr. Tijo Markose |

| | | | |
|---|---|---|---|
| | Chiesa di sant Febronia, Via Vizzolo 9, Patti, Sicily | | |
| 20 | Malankara Syriac Orthodox Congregation Warsaw<br>Chapel of St. Gregory Paradze, Lelechowska 5, 02-351, Warsaw, Poland | POLAND | Fr. Joshy Vettikkattil |
| 21 | Malankara Syriac Orthodox Congregation Krakow<br>Sanctuary of Bozego Milosierdzia kapele, Sanctury of Divine Mercy, Krakow, Poland | POLAND | Fr. Joshy Vettikkattil |
| 22 | St. Mary's Malankara Syrian Orthodox Congregation Varna, Bulgaria<br>St. Michael Chapel, bul. "Knyaz Boris I" 80, 9002, Centre, Varna | BULGARIA | Fr. Joshy Vettikkattil |
| 23 | St. Maria & St. Shmuni - Syrisch Orthodoxe Kirche, Winsener Str. 187, 21077 Hamburg | GERMANY | Fr. Renju Kurian |

### 3. സഭാപരമായ കോഴ്സുകളുടെ ഉദ്ഘാടനവും പ്രവർത്തനങ്ങളും:

ദൈവത്തിന്റെ അളവറ്റ കൃപയാലും കരുണയാലും അഭിവന്ദ്യ തിരുമേനിയുടെ മേൽനോട്ടത്തിൽ ഭദ്രാസന കൌൺസിലിൻറെ കീഴിൽ അത്മായ വിശ്വാസികളെ സഭയുടെ വിശ്വാസത്തെയും പാരമ്പര്യത്തെയും ചേർത്ത് നിർത്തുന്നതിനായി വിശ്വാസ പഠന കോഴ്സുകൾ ആരംഭിക്കുന്നതിനു തീരുമാനമെടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട വൈദികരുടെയും കൌൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ താഴെ പറയുന്ന കോഴ്സുകളുടെ ഉദ്ഘാടനം മാർച്ച് മാസം13 ന അഭി. ഇടവക മെത്രാപ്പോലീത്തയാൽ ഉദ്ഘാടനം ചെയ്യപ്പെട്ടു.

| S.No | Course Name | Course Directors | Course Coordinators |
|---|---|---|---|
| 1 | Pre-marital Course | Rev. Fr. Joshy Vettikkattil | Fr. Dr.Thomas Jacob Manimala<br>Fr. Eldho Vattaparambil |
| 2 | Syriac Course | Rev. Fr. Paul P George | Mr. Basil Uthupp<br>Mr. Basil Thomas |
| 3 | Bible Courses | Rev. Fr. Tijo Markose<br>Rev. Fr. Eldo M.C. | Mr. Varghese P Abraham |
| 4 | Syriac Orthodox Church History | Rev. Fr. Renju Kurian | Cmdr. George Padickakudy<br>Mr. Vineeth Varghese |
| 5 | Syriac Orthodox Liturgy Course | Rev. Fr. Dr. Thomas Jacob Manimala<br>Rev. Fr. Elias Varghese | Mr. Thomas Mathew Chelappurath |
| 6 | Courses for Altar Assistants | Rev. Fr. Joshy Vettikkattil<br>Rev. Fr. Paul P George | Mr. Jolly Kurian Thuruthummel<br>Mr. Geon Paulose |

| | | | |
|---|---|---|---|
| 7 | Post Marital Course | Rev.Fr. Eldhose Vattaparambil, Rev.Fr. Joshy Vettikkattil | Mr. Avirachan Kanjirakkattu, Mr. Zachariah Kurian |

കോഴ്സുകൾക്ക് നേതൃത്വം കൊടുത്ത വൈദികർക്കും കൌൺസിൽ അംഗങ്ങൾക്കും അതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തീകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും നന്ദി അറിയിക്കുന്നു.

### 4. ഹാശാ ആഴ്ച കൺവെൻഷനും ശുശ്രൂഷകളും

ദൈവത്തിന്റെ അളവറ്റ കരുണയാൽ താഴെ പറയുന്ന ഇടവകകളിലും കോൺഗ്രിഗേഷനുകളിലും ഹാശാ ആഴ്ച ശുശ്രൂഷകൾ മുഴുവനായോ ഭാഗികമായോ ക്രമീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

| Parish Name | Palm Sunday | Pesaha | Good Friday | Easter |
|---|---|---|---|---|
| St. Mary's Vienna | 2nd Apr, 9:00 am | 5th Apr, 6:00 pm | 7th Apr, 9:00 am | 9th Apr, 9:00 am |
| St. Mary's Swiss | 2nd Apr, 9:30 am | 5th Apr, 5:00 pm | 7th Apr, 9:30 am | 9th Apr, 9:30 am |
| St. Mary's Munich | 2nd Apr, 1:30 pm | 5th Apr, 6:00 pm | 7th Apr, 9:30 am | 9th Apr, 1:30 pm |
| St. Mary's Malta | 2nd Apr, 6:45 pm | 5th Apr, 7:15 pm | 7th Apr, 8:00 am | 8th Apr, 7:00 pm |
| St. Mary's Herne | 1st Apr, 3:30 pm | | 7th Apr, 10:30 am | 8th Apr, 4:00 pm |
| St. Thomas Amsterdam | | 5th Apr, 6:00 pm | 7th Apr, 8:00 am | 8thApr,11:00pm |
| St. Peter's & St. Paul's Rome | 2nd Apr,10:30 am | 5th Apr, 5:00 pm | 7th Apr, 2:00 pm | 8th Apr, 4:00 pm |
| St. George Frankfurt amMain | 1st Apr, 10:00 am | | | 8th Apr, 2:30 pm |
| St. Peter's Hannover | 2nd Apr, 1:00 pm | | | |
| St. Elias Berlin | | | | 9th Apr, 1:30 pm |
| Jena, Germany | | | | 10thApr 1:00 pm |

ഹാശാ ആഴ്ചയിലേക്ക് ആത്മീയ ഉണർവോടെയും പ്രാർത്ഥനയോടെയും വിശ്വാസികളെ ആനയിക്കത്തക്കവണ്ണം ത്രിദിന ഹാശാ ആഴ്ച കൺവെൻഷൻ 2023 ഏപ്രിൽ 2,3,4 (ഓശാന ഞായർ, തിങ്കൾ, ചൊവ്വ) തീയതികളിൽ വൈകുന്നേരം 6 മുതൽ 8 വരെ വളരെ ഭംഗിയായി നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ഫാ. ബേസിൽ ജേക്കബ് തെക്കിനാൽ, ഫാ. കുര്യാക്കോസ് ജോൺ തുണ്ടുട്ടി എന്നിവർ കൺവൻഷനു നേതൃത്വം നൽകി. ഭദ്രാസനത്തിലെ വിവിധ

ഇടവകകളിൽ നിന്നായി 85 ഓളം പേർ ദിവസവും യോഗത്തിൽ ഓൺലൈൻ വഴിയായി പങ്കെടുത്തു.

5. **ഫാമിലി കോൺഫറൻസ് മാൾട്ട:**

അഭിവന്ദ്യ ഇടവക മെത്രാപ്പോലിത്തായുടെ നേതൃത്വത്തിൽ 2023 ഒക്ടോബർ 27, 28, 29 തീയതികളിലായി ത്രിദിന വാർഷിക ഫാമിലി കോൺഫറൻസ് ആസൂത്രണം ചെയ്യാനും സംഘടിപ്പിക്കാനും നടത്താനും ഭദ്രാസന കൗൺസിലിനെ പ്രാപ്തമാക്കിയ ദൈവത്തെ മഹത്വപ്പെടുത്തുന്നു. “ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ” (മത്തായി 26:41എ) എന്നതായിരുന്നു ഫാമിലി കോൺഫറൻസിൻ്റെ ചിന്താവിഷയം. ഈ സമ്മേളനം ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുടുംബങ്ങളുടെ ആത്മീയ സമ്പന്നതയ്ക്കും കൂട്ടായ്മയ്ക്കും സമൂഹിക വളർച്ചയ്ക്കും കാരണമായി.

കോൺഫറൻസിൽ പങ്കെടുക്കാൻ നേരത്തെ വന്നവർ ഒരുമിച്ച് ഒക്ടോബർ 27-ന് ഉച്ച വരെയുള്ള സമയങ്ങളിൽ റൊട്ടുണ്ട മോസ്റ്റയിലെ ഔവർ ലേഡി ഓഫ് അസംപ്ഷൻ ബസിലിക്ക, മെല്ലിഹ തീർത്ഥാടനകേന്ദ്രം, സെൻ്റ് പോൾസ് ബേ എന്നിവിടങ്ങളിൽ സന്ദർശിച്ചു. പരിശുദ്ധ പൌലോസ് അപ്പോസ്തോലൻ്റെ കാൽച്ചുവടുകൾ പിന്തുടർന്ന് സെൻ്റ് പോൾസ് ബേയിലേക്കുള്ള ബോട്ട് യാത്ര, മാൾട്ടയിലെ കപ്പൽ തകർച്ചയെക്കുറിച്ചുള്ള അപ്പോസ്തോലപ്രവൃത്തികൾ 27 ഉം 28 ഉം അദ്ധ്യായങ്ങളിൽ നിന്നുള്ള വായന, പാറകൾ നിറഞ്ഞു നിൽക്കുന്ന ദ്വീപിലൂടെ നടന്ന് ഒരിമിച്ചുള്ള പ്രാർത്ഥന എന്നിവയെല്ലാം വളരെയധികം ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു. പ്രത്യേകിച്ച് അപ്പോസ്തലനായ പൗലോസിൻ്റെ റോമിലേക്കുള്ള അവസാന യാത്രയെ എല്ലാ മനസ്സുകളിലും ഒരു പുതിയ അറിവ് പകർന്നു നൽകുവാൻ ഈ യാത്രക്ക് കഴിഞ്ഞു.

27-ന് വൈകുന്നേരം ഗ്സീറ ഓർഫിയം തിയേറ്ററിൽ ഫാമിലി കോൺഫറൻസിൻറെ ഉദ്ഘാടനചടങ്ങുകൾ പ്രാർത്ഥനാപൂർവ്വം നിർവഹിക്കപ്പെട്ടു. മാൾട്ട ഇടവകയിൽ നിന്നുള്ള സ്വാഗതസംഘം കോൺഫറൻസിൽ പങ്കെടുത്തവർക്ക് വിലമതിക്കുന്ന സ്വാഗത കിറ്റ് നൽകി ഹൃദ്യമായ സ്വീകരണം നൽകി. അഭിവന്ദ്യ തിരുമേനിയേയും മറ്റു വൈദികരെയും പ്രാർത്ഥനാപൂർവ്വമായ സ്വീകരണം നൽകി. തുടർന്ന് അഭി. തിരുമേനി പതാക ഉയർത്തുകയും സന്ധ്യാ പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കുകയും അതിനെ തുടർന്നു ഫാമിലി കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയും, “ഉണർന്നു പ്രാർത്ഥിക്കുക” എന്ന ചിന്താവിഷയത്തെ കുറിച്ച് ക്ലാസ് എടുക്കുകയും ചെയ്തു.

ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം മാൾട്ട ചർച്ച് അംഗങ്ങൾ സ്നേഹത്തോടെ വിളമ്പിയ വിഭവസമൃദ്ധമായ അത്താഴത്തെ തുടർന്ന് തിരുമേനിയുടെ അധ്യക്ഷതയിൽ കൗൺസിൽ യോഗം ചേരുകയും അതേസമയം തന്നെ റവ. എൽദോസ് വട്ടപ്പറമ്പിൽ അച്ചന്റെ അധ്യക്ഷതയിൽ മാർത്ത മറിയം സംഘത്തിലെ സ്ത്രീകൾക്കായി സംഘടിപ്പിച്ച യോഗത്തിൽ റവ. ഡോ. തോമസ് ജേക്കബ് മണിമല അച്ചൻ ക്ലാസ് എടുക്കുകയും ചെയ്തു.

2023 ഒക്ടോബർ 28–ന് കോൺഫറൻസിൻറെ എല്ലാ ക്രമീകരങ്ങളും മോണ്ടെക്രിസ്റ്റോ എസ്റ്റേറ്റ് ഹാളിലാണ് നടത്തപ്പെട്ടത്. മോണ്ടെക്രിസ്റ്റോ എസ്റ്റേറ്റ് സമുച്ചയവും അവിടുത്തെ സൗകര്യങ്ങളും, അന്തരീക്ഷവും, അതോടൊപ്പം കോൺഫറൻസിനുവേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ഏറെ പ്രശംസ പിടിച്ചുപറ്റി. സമ്മേളനത്തിൻറെ മുഖ്യ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ ബഹു. ഡൊമിൻകോ സാവിയോ (റോം), അച്ചന്റെ കുടുംബജീവിതത്തെക്കുറിച്ചുള്ള നർമ്മം കലർന്ന ക്ലാസുകൾ എല്ലാവരുടെയും ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരുന്നു. സൺഡേ സ്കൂൾ വിദ്യാർഥികൾക്കായുള്ള ക്ലാസുകൾക്ക് എൽദോസ് പാൽപ്പത്ത് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് യുവജനങ്ങൾക്കായുള്ള സെഷനിൽ ഡൊമിൻകോ സാവിയോയും ജോഷി വെട്ടിക്കാട്ടിൽ അച്ചൻ ബാക്കി അംഗങ്ങൾക്കായി ആരാധനക്രമത്തെക്കുറിച്ചുള്ള ക്ലാസ്സുകളും നടത്തി.

അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സന്ധ്യാ പ്രാർത്ഥനക്ക് ശേഷം സാംസ്കാരിക സമ്മേളനം കലാപരിപാടികളും നടത്തപ്പെട്ടു. മാൾട്ടയിൽ നിന്നുള്ള മ്യൂസിക് ബാൻഡ് ചടുലമായ ഗാനങ്ങളിലൂടെ എല്ലാവരുടെയും മനസ്സുകളെ സംഗീത വിരുന്നിലേക്ക് ആനയിക്കപ്പെട്ടു.

പൊതുസമ്മേളനം ഭദ്രാസന സെക്രട്ടറി റവ. ഫാ. ജോഷി വെട്ടിക്കാട്ടിൽ സ്വാഗതം ആശംസിക്കുകയും അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് തിരുമേനി അധ്യക്ഷ പ്രസംഗവും തുടർന്ന് അഭിവന്ദ്യ ആർച്ച് ബിഷപ്പ് എമരിറ്റസ് ഓഫ് തിറാന–ദുറോസ് ജോർജ് ആൻ്റണി ഫ്രണ്ടോ ഉദ്ഘാടന പ്രസംഗവും നടത്തി. കമാണ്ടർ ജോർജ് പടിക്കക്കുടി, ശ്രീ. അരുൺ പോൾ (മാൾട്ട ഇടവക വൈസ് പ്രസിഡൻ്റ്) എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിന് ഭദ്രാസന ജോയിൻ്റ് സെക്രട്ടറി ശ്രീ വർഗീസ് പി. എബ്രഹാം നന്ദി പ്രകാശിപ്പിച്ചു.

പൊതുസമ്മേളനത്തിനു ശേഷം വിവിധ ഇടവകകളിൽ നിന്നുള്ള കലാ–സാംസ്കാരിക സമ്മേളനം നടത്തപ്പെട്ടു. നിരവധി സോളോ, ഗ്രൂപ്പ് ഗാനങ്ങൾ, നൃത്ത പരിപാടികൾ, സ്കിറ്റ്, ക്വിസ് പ്രോഗ്രാം എന്നിവ നിറഞ്ഞു നിന്ന കലാപരിപാടികൾ കോൺഫറൻസിൽ പങ്കെടുത്ത എല്ലാവരുടെയും ഹൃദയങ്ങളെ കവരുന്നതായിരുന്നു. ബഹു. റെഞ്ചു അച്ചന്റെയും ടിജോ അച്ചന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട ക്വിസ് പ്രോഗ്രാമിൽ സ്വിറ്റ്സർലൻഡ് അംഗങ്ങൾ ഒന്നാം സ്ഥാനവും മാൾട്ട അംഗങ്ങൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

കോൺഫറൻസിൽ പങ്കെടുക്കുന്നവർക്ക് ശരിയായ സമയത്ത് ഭക്ഷണവും സ്നാക്സും വിതരണം ചെയ്യുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത മാൾട്ട ഇടവക അംഗങ്ങളുടെ കൂട്ടായ്മയെ പ്രത്യേകം സ്മരിക്കുന്നു.

ധ്യാനം, കുമ്പസാരം, ഒരുക്ക പ്രാർത്ഥന എന്നിവയോടെയാണ് മൂന്നാം ദിവസം ആരംഭിച്ചത്, തുടർന്ന് വൈദികർക്കൊപ്പം അഭിവന്ദ്യ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടന്ന വിശുദ്ധ മൂന്നിന്മേൽ കുർബാന പരിശുദ്ധ മോർ ഗ്രിഗോറിയോസ് പരുമല തിരുമേനിയുടെ പെരുന്നാൾ ശുശ്രൂഷകളും ചേർന്നതായിരുന്നു. കോഫി ബ്രേക്കിനുശേഷം നടന്ന സമാപനസമ്മേളനത്തിൽ

പങ്കെടുത്ത എല്ലാവർക്കും മൊമെന്റോകൾ വിതരണം ചെയ്യുകയും ഭാവികാര്യങ്ങളും പങ്കെടുത്തവരുടെ അനുഭവങ്ങളും പങ്കുവക്കുകയും 2024 ൽ വീണ്ടും ഇതുപോലെ ഒരു ഫാമിലി കോൺഫറൻസിൽ കണ്ടുമുട്ടാൻ ദൈവം അനുവധിക്കട്ടെ എന്ന പ്രാർത്ഥനയോടെ സമ്മേളനത്തിന്റെ പതാക താഴ്ത്തുകയും ചെയ്തു.

ഉച്ചഭക്ഷണത്തിന് ശേഷം, വല്ലെറ്റ, ഇംഡിന, ഡിംഗ്‌ലി ക്ലിഫ്സ് എന്നിവ സന്ദർശിക്കുവാൻ മാൾട്ട പള്ളിയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ മനോഹരമായ ഒരു ടൂർ പ്രോഗ്രാം ഉണ്ടായിരുന്നു.

കോൺഫറൻസിൽ താഴെപ്പറയുന്ന വൈദികരും പള്ളികളിൽ നിന്നുള്ള പങ്കാളികളും പങ്കെടുത്തു.

ഫാ. ഡോ. തോമസ് ജേക്കബ് മണിമല, റവ. ജോഷി വെട്ടിക്കാട്ടിൽ, റവ. എൽദോസ് വട്ടപ്പറമ്പിൽ, റവ. ടിജോ മാർക്കോസ്, റവ. ഏലിയാസ് വർഗീസ്, റവ. പോൾ പി ജോർജ്ജ്. ഫാ. എൽദോസ് തോട്ടപ്പിള്ളി, റവ. രഞ്ജു കുര്യൻ.

പങ്കെടുത്ത ഇടവകകൾ

1. സെൻ്റ് മേരീസ് MSOC വിയന്ന
2. സെൻ്റ് മേരീസ് MSOC സ്വിറ്റ്സർലൻഡ്
3. സെൻ്റ് മേരീസ് MSOC മ്യൂണിക്ക്
4. സെൻ്റ് മേരീസ് MSOC ഹെർണെ
5. സെൻ്റ് ജോർജ് MSOC ഫ്രാങ്ക്ഫർട്ട് ആം മെയിൻ.
6. സെൻ്റ് തോമസ് MSOC ആംസ്റ്റർഡാം
7. സെൻ്റ് മേരീസ് MSOC മാൾട്ട

ഏകദേശം 80-നും 100-നും ഇടയിൽ ആളുകൾ കോൺഫറൻസിൻ്റെ വിവിധ ദിവസങ്ങളിലായി പങ്കെടുത്തു.

ഫാമിലി കോൺഫറൻസിൻ്റെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച എല്ലാവരെയും പ്രത്യേകാൽ താഴെ പറയുന്നവരെയും കൗൺസിലിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു.

1. ഫാ. പോൾ പി ജോർജ്, ഫാ. ജോഷി വെട്ടിക്കാട്ടിൽ (ജനറൽ കൺവീനേർസ് )
2. ശ്രീ. അരുൾ പോൾ – താമസ സൗകര്യം, ടൂർ പ്രോഗ്രാം
3. ശ്രീ. ജെലു ജോർജ്ജ് – എയർപോർട്ട് ഗതാഗതം, സ്വാഗതകമ്മിറ്റി
4. ശ്രീ. ജിയോൺ പൗലോസ് – ഭക്ഷണക്രമീകരണം, സ്വീകരണകമ്മിറ്റി
5. ശ്രീ. എൽദോ ഈരാളിൽ – അടിയന്തര വൈദ്യസഹായം
6. മാൾട്ട ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, യുവജന അംഗങ്ങൾ, മാർത്ത മറിയം വനിതാ സമാജം അംഗങ്ങൾ
7. ഓരോ ഇടവകയിൽ നിന്നും കോൺഫറൻസിൽ പങ്കെടുത്തവർ

## 6. സാമ്പത്തിക അവലോകനം:

ഭദ്രാസന വാർഷിക  വരുമാന ചെലവുകളുടെ കണക്കുകൾ വളരെ വ്യക്തമായി സൂക്ഷിക്കുകയും സമഗ്രമായ ഒരു സാമ്പത്തിക റിപ്പോർട്ട് ട്രഷറർ ശ്രീ.ബേസിൽ തോമസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഫാമിലി കോൺഫറൻസുമായി ബന്ധപ്പെട്ട് സാമ്പത്തിക കമ്മി നേരിട്ടെങ്കിലും കൗൺസിൽ അംഗങ്ങളുടെയും കോൺഫറൻസിൽ പങ്കെടുത്തവരുടെയും അകമഴിഞ്ഞ സഹകരണത്താൽ അത് പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. എല്ലാവരുടെയും  ഉദാരമായ സംഭാവനകൾക്ക്, പ്രത്യേകിച്ച് മാൾട്ട സെൻ്റ് മേരീസ് മലങ്കര സിറിയക് ഓർത്തഡോക്സ് ഇടവകയുടെ ആത്മാർത്ഥമായ സഹകരണത്തിന് കൃതജ്ഞത അറിയിക്കുന്നു. കണക്കുകൾ ഓഡിറ്റ് ചെയ്ത ശ്രീ. സുധീഷ് മാത്യുവിനോടുള്ള നന്ദിയും അറിയിക്കുന്നു.

## 7. നഹ്റോ 2023 കരോൾ സന്ധ്യ

എല്ലാ ഇടവകകളുടെയും ഐക്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2023 ഡിസംബർ 19-ന് ഓൺലൈനിൽ നടത്തപ്പെട്ട നഹ്റോ-20223 കരോൾ സന്ധ്യ യൂറോപ്പ് ഭദ്രാസനത്തിനു സന്തോഷത്തിൻ്റെയും ആഘോഷത്തിൻ്റെയും നിമിഷമായിരുന്നു. നമ്മുടെ ഇടവക മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ കൂടിയ ഓൺലൈൻ കരോൾ സന്ധ്യ യോഗത്തിൽ മാൾട്ടയിലെ പാസ്റ്ററൽ ഫോർമേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. ജിമ്മി ബോണീസി ഉദ്ഘാടന സന്ദേശം നൽകി. റവ. എൽദോസ് വട്ടപ്പറമ്പിൽ അച്ചൻ്റെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ എല്ലാ ഇടവകകളെയും അണിനിരത്തി എല്ലാ ഇടവകകളിൽ നിന്നുമുള്ള കരോൾ ഗാനങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. രണ്ടു മണിക്കൂർ നീണ്ടു നിന്ന കരോൾ സന്ധ്യ എല്ലാ ഇടവകകൾക്കും ഒരു ആവേശമായിരുന്നു. ആംസ്റ്റർഡാം ചർച്ചിലെ ടീം ഒന്നാം സമ്മാനവും ഹെർണെ ചർച്ചിലെ ടീം രണ്ടാം സമ്മാനവും നേടി. ഈ പരിപാടി അവിസ്മരണീയമാക്കാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## 8. കമ്മ്യൂണിക്കേഷൻ, സാമൂഹികമാധ്യമങ്ങൾ

ഭദ്രാസനത്തിലെയും  ഇടവകകളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് വിശ്വാസികളെ അറിയിക്കുന്നതിനായി ഒരു വെബ്സൈറ്റ് https://msoc-europe.com/ എന്ന അഡ്രസ്സിൽ ഭദ്രാസനത്തിന് വേണ്ടി ക്രമീകരിച്ചു വരുന്നു. അതിനു പുറമേ സാമൂഹികമാധ്യമങ്ങൾ ആയ ഫെയ്സ്ബുക്ക്പേജ്, ഇൻസ്റ്റാഗ്രാം, യൂട്യൂബ് എന്നിവയിലൂടെ സഭാപരമായ വാർത്തകളും ആശയങ്ങളും ഷെയർ ചെയ്യുന്നു.

**ഭദ്രാസന സാമൂഹികമാധ്യമങ്ങൾ:**

Website: https://msoc-europe.com/

Facebook: Malankara Syrian Orthodox Church Europe

Instagram: msoc_europe (Malankara Syriac Orthodox Church Europe)
YouTube: MSOC Europe (Jacobite Church Europe)

ശ്രീ. ജിയോൺ പൗലോസ്, ശ്രീ. ജോളി കുര്യൻ തുരുത്തുമ്മേൽ, ശ്രീ. സാജു ചാക്കോ വെള്ളച്ചാലിൽ എന്നിവരും കൂടാതെ ഭദ്രാസനത്തിലെ എല്ലാ വൈദികരും ചേർന്നാണ് സാമൂഹിക മാധ്യമങ്ങളും ആശയ വിനിമയങ്ങളും നിയന്ത്രിക്കുന്നത്.

9. **കമാൻഡർ ജോർജ് പടിക്കക്കുടിക്ക് അഭിനന്ദനം.**

യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റിയിലേക്ക് വിയന്ന ഇടവകാംഗവും ഏറെക്കാലം ഭദ്രാസന സെക്രട്ടറിയുമായി പ്രവർത്തിച്ചു വന്ന കമാൻഡർ ജോർജ് പടിക്കക്കുടിയെ മലങ്കര മെത്രാപ്പോലീത്ത അഭിവന്ദ്യ മോർ ഗ്രിഗോറിയോസ് ജോസഫ് മെത്രാപ്പോലിത്തായാൽ നോമിനേറ്റ് ചെയ്തതിൽ കൗൺസിൻ്റെയും ഭദ്രാസനത്തിൻ്റെയും ആശംസകളും അനുമോദനങ്ങളും അറിയിക്കുന്നു.

10. **ഭദ്രാസനത്തിലെ പുതിയ വൈദികർ.**

യുറോപ്പ് ഭദ്രാസനത്തിൽ പുതുതായി ചേർന്ന് സേവനം അനുഷ്ഠിക്കുന്ന വൈദീകരെ സ്വഗതം ചെയ്യുന്നു.

1. വർഷങ്ങളായി ഡീക്കനായി സേവനമനുഷ്ഠിച്ച് വൈദികനായ റവ. രഞ്ജു കുര്യൻ അച്ചൻ
2. റവ. ഏലിയാസ് വർഗീസ് അച്ചൻ
3. റവ. എൽജോ അവറാച്ചൻ അച്ചൻ
4. റവ. ജിജോ ചെന്നിത്തല അച്ചൻ

11. **കൗൺസിൽ യോഗങ്ങൾ**

അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ 2023 വർഷത്തിൽ ആറ് തവണ (മാർച്ച്, ജൂൺ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ) കൗൺസിൽ യോഗങ്ങൾ ഭദ്രാസന വളർച്ചക്കായി സജീവമായി കൂടുകയും എല്ലാ കൌൺസിൽ അംഗങ്ങളും ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു. യോഗങ്ങളിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

12. **യാമ പ്രാർത്ഥനകൾ**

എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും 7 മണിക്ക് ശീമ നമസ്കാരക്രമം ഉപയോഗിച്ച് യാമ പ്രാർത്ഥനകൾ ഓൺലൈൻ വഴി നടത്തപ്പെടുന്നു. വലിയ നോമ്പിന്റെ സമയത്ത്, നോമ്പുകാല പ്രാർത്ഥനകൾ അടങ്ങിയ മൂന്ന് നേര പ്രാർത്ഥനകളും നടത്തപ്പെട്ടു. വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ

പ്രാർത്ഥനകളിൽ നിരവധി ഭക്തർ പതിവായി പങ്കെടുത്തു. യാമപ്രാർത്ഥനകളിൽ പങ്കുചേരുവാനും അതോടൊപ്പം പുതിയ തലമുറകൾക്ക് പ്രാർത്ഥനകൾ ചൊല്ലി പഠിക്കുന്നതിനും ഇത് സഹായകമായി.

## 13. ആത്മീയ സംഘടനകൾ

അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വിവിധ ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു.

a. സൺഡേ സ്കൂൾ

2020-ൽ കൊറോണ മഹാമാരിയുടെ വെല്ലുവിളി നിറഞ്ഞ സമയങ്ങളിൽ ആരംഭിച്ച ഓൺലൈൻ സൺഡേ സ്കൂൾ പ്രസ്ഥാനം യൂറോപ്പിലെ വിവിധ ഇടവകകളിൽ നിന്നുള്ള സൺഡേ സ്കൂൾ കുട്ടികളെ ചേർത്തുനിർത്തി വളർന്നു വരുന്നു. കുട്ടികളെ പഠനത്തിൽ ഉത്സാഹഭരിതരാക്കുന്നതിൽ ആത്മാർത്ഥമായ അർപ്പണബോധത്തോടെ ഏകദേശം 30 ഓളം അധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്ക് 2 മുതൽ 3:30 വരെ സമയങ്ങളിൽ സൺഡേ സ്കൂൾ ക്ലാസുകൾ നടത്തുന്നു. നിലവിൽ, 120 ഓളം വിദ്യാർത്ഥികൾ ഈ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ, സെൻ്റ് മേരീസ് MSOC മ്യൂണിക്കിൽ 12 അധ്യാപകരുടെ നേതൃത്വത്തിൽ 35 വിദ്യാർത്ഥികൾ കൂടി പഠിക്കുന്നുണ്ട്.

ദൈവത്തിൻ്റെ അളവറ്റ കൃപയാൽ കുട്ടികളുടെ ദൈവീകമായ കഴിവുകൾ പരിപോഷിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ "കെറുബിം 2023" എന്ന പേരിൽ ഒരു ഓൺലൈൻ മാഗസിൻ വിജയകരമായി 2023 ജൂണിൽ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. കുര്യാക്കോസ് തെയോഫിലോസ് ഉദ്ഘാടനം ചെയ്തു പ്രസിദ്ധീകരിക്കുയുണ്ടായി., മറ്റ് അധ്യാപകരുടെയും വൈദികരുടെയും പിന്തുണയുണ്ട് ഷെവലിയാർ കുര്യാക്കോസ് മാസികയുടെ എഡിറ്ററായി പ്രവർത്തിച്ചു. കൂടാതെ, ഞങ്ങളുടെ കുട്ടികളുടെ കലാപരവും സാംസ്കാരികവുമായ വളർച്ചയെ പരിപോഷിപ്പിച്ചുകൊണ്ട് ഒരു ടാലൻ്റ്സ് ഡേ ഓൺലൈനായി ജൂൺ മാസത്തിൽ സംഘടിപ്പിക്കുകയുണ്ടായി. വിശുദ്ധ സഭയുടെ കൂദാശകൾ, ബൈബിൾ, സഭാ ചരിത്രം, ആരാധനാക്രമം എന്നിവയെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് നൽകുന്നതിൽ സൺഡേ സ്കൂൾ നിർണായക പങ്ക് വഹിക്കുന്നു. സൺഡേ സ്കൂൾ ഡയറക്ടറായി ശ്രീ എൽദോസ് പാൽപ്പാത്ത്, സൺഡേ സ്കൂൾ ഇൻസ്പെക്ടറായി വിനീത് വർഗീസ്, സ്റ്റാഫ് സെക്രട്ടറിയായി ഷെവലിയാർ കുര്യാക്കോസ് എന്നിവർ പ്രവർത്തിക്കുന്നു. ഈ പ്രസ്ഥാനത്തിൻ്റെ വിജയത്തിനായി അക്ഷീണം പ്രയത്നിക്കുന്ന എല്ലാ വൈദികരോടും, ശെമ്മാശൻമാരോടും, വിവിധ ഇടവകകളിൽ നിന്നുള്ള എല്ലാ അധ്യാപകരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

b. **യൂത്ത് അസോസിയേഷൻ**

ബഹുമാനപ്പെട്ട പോൾ.പി.ജോർജ് അച്ചൻ്റെ നേതൃത്വത്തിൽ യൂത്ത് അസോസിയേഷൻ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. സാമൂഹിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിൽ ഓൺലൈൻ ക്ലാസുകളിലൂടെയും ചർച്ചകളിലൂടെയും യുവ ജനങ്ങളെ ഒരുമിച്ചു കൂട്ടുവാൻ യൂത്ത് അസോസിയേഷൻ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ ഫാ. പോളിൻ്റെ ആരോഗ്യപ്രശ്നങ്ങൾ മൂലം, റവ. രഞ്ജു കുര്യനെ യൂത്ത് കോർഡിനേറ്ററായി കൗൺസിൽ തീരുമാനിച്ചു നിയോഗിച്ചു.

c. **മർത്ത മറിയം വനിതാ സമാജം**

ഭദ്രാസന ആഭിമുഖ്യത്തിലും ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചൻ്റെ മാർഗനിർദേശത്തിലും മർത്ത മറിയം വനിതാ സമാജം വളരെ ഭംഗിയായി പ്രാർത്ഥിക്കുന്നു. കഴിഞ്ഞ രണ്ടു വർഷമായി വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ ദിവസവും അരമണിക്കൂർ ചെയിൻ പ്രാർത്ഥന നടത്തുന്നു. കൂടാതെ, അഖില മലങ്കര വനിതാ സമാജം നവതി ആഘോഷവേളയിൽ 200ൽ താഴെ കുടുംബങ്ങൾ അടങ്ങുന്ന കേരളത്തിലെ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു സമാജം യൂണിറ്റിന് യൂറോപ്പ് മർത്ത മറിയം വനിതാ സമാജം ഒരു ലക്ഷം രൂപയുടെ ട്രോഫിയും എക്സലൻസ് അവാർഡും സ്പോൺസർ ചെയ്തതും ശ്രദ്ധേയമായ നേട്ടമാണ്. റവ. ഫാ. എൽദോസ് വട്ടപ്പറമ്പിൽ, സമാജം സെക്രട്ടറി ശ്രീമതി വിൻസി ചെറിയാൻ, മറ്റ് സമാജം ഭാരവാഹികളും കൂടാതെ എല്ലാ സമാജം അംഗങ്ങളുടെയും മികച്ച പ്രവർത്തനങ്ങൾക്ക് ഭദ്രാസനത്തിന്റെ നന്ദി രേഖപ്പെടുത്തുന്നു.

**ഉപസംഹാരം**

യൂറോപ്പ് ഭദ്രാസനത്തിന്റെ അനുദിന പ്രവർത്തനങ്ങൾക്കായി ഓരോ ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഓരോ കൗൺസിൽ അംഗങ്ങൾക്കും അവരുടെ അശ്രാന്ത പരിശ്രമത്തിനും അചഞ്ചലമായ സമർപ്പണത്തിനും പ്രതിബദ്ധതയ്ക്കും ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. നമ്മുടെ ഭദ്രാസനത്തിനു മുന്നിലുള്ള വെല്ലുവിളികളും അതോടൊപ്പം അവസരങ്ങളും ഉയർന്നു വരുമ്പോൾ ഒരുമിച്ച് വിശ്വാസം, ഐക്യം, സേവനം എന്നിവയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. അതിനു നമുക്കെല്ലാവർക്കും ദൈവീകമായ അനുഗ്രഹവും കൃപകളും ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ.

ക്രിസ്തുവിൽ സ്നേഹപൂർവ്വം

ഫാ. ജോഷ്വ റമ്പാൻ (ഭദ്രാസന സെക്രട്ടറി)

വർഗീസ് പി.ഏബ്രഹാം (ഭദ്രാസന ജോയിൻ്റ് സെക്രട്ടറി)